"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് - ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ഗംഗാദേവി സി.പി.-ക്ക് പർച്ചേസ് കമ്മിറ്റി അധ്യക്ഷസ്ഥാനത്തിന്റെ താൽക്കാലിക ചുമതല നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.7/2024/POWER തീയതി,തിരുവനന്തപുരം, 05-01-2024

---

പരാമർശം:- 1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 19.06.2023-ലെ സി.ഇ.ഐ/7396/2023-ഇ1 നമ്പർ നടപടിക്രമം.

2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 20.09.2023-ലെ സി.ഇ.ഐ/7396/2023-ഇ1 നമ്പർ കത്ത്.

**ഉത്തരവ്**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ പർച്ചേസ് കമ്മിറ്റി അധ്യക്ഷസ്ഥാനം വഹിച്ചിരുന്ന അഡിഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ഷീബ എബ്രഹാം 30.04.2023-നും അതിനെ തുടർന്ന് ടി തസ്തികയിൽ ചുമതലയേറ്റ ശ്രീ.റഫിയുദ്ദീൻ കെ.കെ. 31.05.2023-നും സേവനത്തിൽ നിന്നും വിരമിച്ചതിനാലും അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നടത്താൻ സാധിക്കാത്ത സാഹചര്യം നിലനിന്നതിനാലും 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കുന്നതിനായി പർച്ചേസ് കമ്മിറ്റി അധ്യക്ഷസ്ഥാനത്തിന്റെ താൽക്കാലിക ചുമതല, അടുത്ത അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ചാർജ്ജ് എടുക്കുന്ന ദിവസം വരെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ഗംഗാദേവി സി.പി.-ക്ക് നൽകിയ പരാമർശം 1)ലെ നടപടി സാധൂകരിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നടത്താൻ

സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതിനാലും 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കുന്നതിനുമായി പർച്ചേസ് കമ്മിറ്റി അധ്യക്ഷസ്ഥാനത്തിന്റെ താൽക്കാലിക ചുമതല അടുത്ത അഡീഷണൽ ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ ചാർജ്ജ് എടുക്കുന്ന ദിവസം വരെ ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ഗംഗാദേവി സി.പി.-ക്ക് നൽകിയ ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറുടെ പരാമർശം 1)ലെ നടപടിക്രമത്തിന് സാധൂകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**PREETHY C S**
ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീമതി.ഗംഗാദേവി സി.പി., ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ. (ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manoj S
Date: 05-01-2024 16:27:55
സെക്ഷൻ ഓഫീസർ